**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 563** **26.04.2017-ൽ മറുപടിക്ക്**

# സഹകരണ ബാങ്കുകൾ, സംഘങ്ങൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പകൾ നൽകുവാൻ നടപടി

**ചോദ്യം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ദേശസാൽകൃത ബാങ്കുകൾ നൽകുന്നതുപോലെ വിദ്യാഭ്യാസ വായ്പകൾ സഹകരണബാങ്കുകളിൽ നിന്നും പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നും നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സഹകരണ ബാങ്കുകൾ വഴിയും, പ്രൈമറി വായ്പാ സഹകരണ സംഘങ്ങൾ വഴിയും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകൾ നിലവിൽ നൽകുന്ന വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ഇപ്പോൾ 9% പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്ററിനറി, നിയമം, ദന്തൽ, ബിസിനസ്സ് മാനേജ്മെന്റ്, കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, ബി.ഫാം, സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് എന്നിവയിൽ കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതും സർക്കാർ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ചിട്ടുള്ളതുമായ എല്ലാ കോഴ്സുകൾക്കും ഈ വായ്പ അനുവദിക്കാവുന്നതാണ്. ഇന്ത്യയ്ക്ക് അകത്തുള്ള പഠനത്തിന് 10 ലക്ഷം രൂപവരെയും വിദേശ പഠനത്തിന് 20 ലക്ഷം രൂപവരെയും അനുവദിയ്ക്കാവുന്നതാണ്. കുടുംബവാർഷിക വരുമാനം 4 ലക്ഷം രൂപവരെയുള്ളവർക്ക് ഈട് സ്വീകരിക്കാതെ പരമാവധി 4.50 ലക്ഷം രൂപവരെയും, വാർഷിക വരുമാനം 4 ലക്ഷം രൂപയിൽ അധികരിക്കുന്നവർക്ക് വായ്പ തുകയ്ക്ക് ആവശ്യമായ സ്വത്ത് ജാമ്യത്തിലോ ഉദ്യോഗസ്ഥ ജാമ്യത്തിലോ, വായ്പ നൽകുന്നതാണ്. |
| (സി) | നോട്ട് നിരോധനത്തിനുശേഷം സഹകരണ മേഖലയിലെ നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | നോട്ട് നിരോധനത്തിനു ശേഷം സഹകരണ മേഖലയിൽ നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകാതിരിക്കാൻ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**